"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - തലശ്ശേരി നഗരസഭയിൽ സാനിറ്റേഷൻ വർക്കർ - മരണപ്പെട്ട ടി.പുരുഷോത്തമന്റെ മകൾ ശ്രീമതി.ഉണ്ണിമായ പി - എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(കൈ) നം.146/2024/LSGD തീയതി,തിരുവനന്തപുരം, 24-10-2024

---

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
2. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്
3. ശ്രീമതി.ഉണ്ണിമായ പി സമർപ്പിച്ച 23.02.2023 തീയതിയിലെ ആശ്രിത നിയമന അപേക്ഷ.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 15.02.2024 തീയതിയിലെ LSGD/PD/613/2024-DEF7 നമ്പർ കത്ത്.
5. കണ്ണൂർ ജില്ലാ കളക്ടറുടെ 23.08.2024 തീയതിയിലെ DCKNR/3789/2024-A5 നമ്പർ കത്ത്.

**ഉത്തരവ്**

തലശ്ശേരി നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 11.09.2022 തീയതിയിൽ മരണപ്പെട്ട ശ്രീ.ടി.പുരുഷോത്തമന്റെ മകൾ ശ്രീമതി.ഉണ്ണിമായ പി (അശ്വതി നിലയം, കുട്ടിമാക്കൂൽ, തിരുവങ്ങാട് പി.ഒ, തലശ്ശേരി - 670103) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് പരാമർശം 3 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി.പുരുഷോത്തമന്റെ സേവനകാലം 17 വർഷവും 10 മാസവും 20 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 08.12.1965, 08.06.2004 ആണ്. പ്രിൻസിപ്പൽ ഡയറക്ടറും കണ്ണൂർ ജില്ലാ കളക്ടറും അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് പരാമർശം 4, 5 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീമതി.ഉണ്ണിമായ പി, എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകൾ വിജയിച്ചിട്ടുള്ളതും ടിയാന്റെ ജനന തിയതി 22.09.1994 എന്നതുമാണ്. ടിയാൻ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (23.02.2023) സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി ശ്രീ.ടി.പുരുഷോത്തമന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് സർവീസ് സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിത എന്ന നിലയിൽ ശ്രീമതി.ഉണ്ണിമായ പി-യ്ക്ക് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു

നല്കിയിട്ടുണ്ട്. ടിയാൾ വിവാഹിതയാണ്. ടിയാൾ വിവാഹശേഷവും പരേതന്റെ ആശ്രിതയാണെന്നുള്ള സർട്ടിഫിക്കറ്റ് തലശ്ശേരി തഹസിൽദാരിൽ നിന്നും ഹാജരാക്കിയിട്ടുണ്ട്. ശ്രീമതി.ഉണ്ണിമായ പി-യുടെ കുടുംബ വാർഷിക വരുമാനം 1,21,308/- രൂപയാണെന്ന് (ഒരു ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി മൂന്നൂറ്റി എട്ട് രൂപ മാത്രം) തിരുവങ്ങാട് വില്ലേജ് ഓഫീസർ അറിയിച്ചിട്ടുണ്ട്. കൂടാതെ പരാമർശം 2 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രവും ടി സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനുള്ള 14.07.2023 ലെ സ.ഉ.(പി) നം.12/2023/ഉഭപവ നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന സമ്മതപത്രവും ശ്രീമതി ഉണ്ണിമായ പി സമർപ്പിച്ചിട്ടുണ്ട്.

3. ശ്രീമതി ഉണ്ണിമായ പി, കണ്ണൂർ ജില്ലയിൽ എൽ.ഡി ക്ലർക്ക് തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാൾ ടി തസ്തികയിലേക്ക് യോഗ്യത നേടിയിട്ടുമുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തലശ്ശേരി നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 11.09.2022 തീയതിയിൽ മരണപ്പെട്ട ടി.പുരുഷോത്തമന്റെ മകൾ ശ്രീമതി.ഉണ്ണിമായ പി-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%-ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാരിയെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

6. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷക തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം.

സെക്രട്ടറി, തലശ്ശേരി നഗരസഭ

ജില്ലാ കളക്ടർ , കണ്ണൂർ.

ശ്രീമതി.ഉണ്ണിമായ പി, അശ്വതി നിലയം, കുട്ടിമാക്കൂൽ, തിരുവങ്ങാട് പി.ഒ, തലശ്ശേരി - 670103

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇയു1/48/2024-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 24-10-2024 16:11:49
സെക്ഷൻ ഓഫീസർ